(ബി) പാൻ പരാഗ്, ചമ്പാക്ക്, ഖൈനി, ഖൈനി, തുടങ്ങി പുകയിലയും മറ്റ് രാസവസ്തുക്കളും ചേർത്ത് നിർമ്മിച്ച് വില്പന നടത്തുന്ന വിഷവസ്തുക്കൾ സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ലബോറട്ടറി സൗകര്യങ്ങളു പയോഗിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവ ഉപയോഗിക്കുന്ന മനുഷ്യരിൽ ദോഷകരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) അങ്ങിനെ തെളിയിക്കപ്പെട്ടിട്ടില്ലെങ്കിൽ അവ വില്പന നടത്തു ന്നത് നിരോധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; ഇതേവരെ അത്തരം പരിശോധന നടത്തിയിട്ടില്ലെങ്കിൽ അടിയന്തരമായി പരിശോധന നടത്തി ഫലം പ്രസിദ്ധീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്തുരോഗ സർവ്വേഫലത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

4 (576) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിലും പ്രത്യേകിച്ച് തീര പ്രദേശത്തും നടത്തിയ ആരോഗ്യ സർവ്വേകളിൽ അവിടങ്ങളിൽ മന്തുരോഗ ലക്ഷണങ്ങൾ വളരെ കൂടുതലായി കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ;

(ബി) സർവ്വേ ഫലം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗം പരത്തുന്നതിന് പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അതുപോലെതന്നെ "മൈക്രോഫൈലേറിയ" എന്ന രോഗാണു വാഹകരായി അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളും രോഗം പകരുന്നതിന് കാരണമാകുന്നതായി സർവ്വേയിൽ കണ്ടെത്തുകയുണ്ടായോ ;

(ഇ) സർവ്വേഫലത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ ഈ വർഷം 3952 പേരുടെ രക്ത പരിശോധന നടത്തിയപ്പോൾ താനൂരിൽ ഒരാളുടെ രക്തത്തിൽ മൈക്രോഫൈ ലേറിയ രോഗാണു ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) മലപ്പുറം ജില്ലയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാ ളികളിൽ മൈക്രോഫൈറേറിയ രോഗാണുവാഹകരെ കണ്ടെത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ നട ത്തിയ സർവ്വേകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവർ രോഗാണു വാഹകരായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുവരെ മന്ത് രോഗ രക്ത പരിശോധനയ്ക്ക് വിധേയരാക്കണമെന്നും അവർ രോഗാണുവാഹകരാണെങ്കിൽ ഡി.ഇ.സി. ഗുളികകൾ കഴിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മന്ത് രോഗ നിവാരണ മാർഗ്ഗങ്ങൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

മന്തുരോഗ പ്രതിരോധത്തിന് നൽകുന്ന മരുന്നിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള പഠനം

5 (577) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്തുരോഗ പ്രതിരോധത്തിന് നല്കുന്ന ഗുളികകൾ ഈ വർഷവും വിതരണം ചെയ്തിട്ടുണ്ടോ. എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞവർഷം ഈ ഗുളിക കഴിച്ച വിദ്യാർത്ഥികളടക്കമുള്ളവർക്ക് അസ്വാസ്ഥ്യമുണ്ടായത് ശ്രദ്ധയിൽ വന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിരുന്നുവോ ;

(സി) മന്തിനുള്ള മരുന്നായ ഡൈഈതൈൻ കാർബമസിന്റെ ദോഷ ഫലങ്ങളെക്കുറിച്ച് പഠനം നടത്തുമോ ;

(ഡി) ഈ വർഷം മലപ്പുറം ജില്ലയിൽ വിതരണം ചെയ്ത മരുന്നിൽ കാലാവധി കഴിഞ്ഞവയുമുണ്ടായിരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 23379430 പേർക്ക് മന്തുരോഗ പ്രതിരൊധത്തിനുള്ള ഗുളികകൾ വിതരണം ചെയ്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly